പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3140 | 14.03.2018-ലെ മറുപടിക്ക്

ജില്ലാതല പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചോദ്യം | മറുപടി

ശ്രീ. എൻ.എ.നെല്ലിക്കുന്ന് | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ജില്ലാതല പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലയുടെ സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുകയാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അതായത് ഭരണത്തിന്റെ വിവിധ തട്ടുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും ഏകോപനം ഉറപ്പാക്കുന്നതിനും ഉള്ള ഒരു ഉപാധിയായാണ് ജില്ലാ പദ്ധതിയെ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ജില്ലാതല പദ്ധതികളുടെ കരട് പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ; | (ബി) | പതിനാല് ജില്ലകളുടെയും കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കാൻ ഓരോ ജില്ലയിലും ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | ജില്ലാ പദ്ധതി ഒരു സമഗ്ര വികസന കാഴ്ചപ്പാട് രേഖയാണ്. പതിമൂന്നാം പദ്ധതി കാലയളവിലും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ജില്ലയിൽ ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുന്ന വികസന കാഴ്ചപ്പാട് ജില്ലാ പദ്ധതിയുടെ പ്രധാന ഭാഗമാണ്. അതോടൊപ്പം വിവിധ വികസന ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് അവരുടെ വിഹിതം സമന്വയിപ്പിച്ച് നടപ്പിലാക്കാൻ കഴിയുന്ന വലിയ പ്രോജക്ട് ആശയങ്ങളും ഉണ്ടാകും. അന്തിമ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ഡി) | എത്ര വർഷത്തിനകമാണ് ഈ പദ്ധതി പൂർത്തീകരിക്കുക എന്ന് വ്യക്തമാക്കാമോ; | (ഡി) | |

| | | | |
|---|---|---|---|
| (ഇ) | കാസർകോട് ജില്ലയിലെ കരട് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | ജില്ലയുടെ സമഗ്ര വികസനത്തിന് പര്യാപ്തമായ 63 ഓളം പദ്ധതി നിർദ്ദേശങ്ങൾ മുൻഗണനാ അടിസ്ഥാനത്തിൽ കണ്ടെത്തി വിവിധ വിഷയമേഖലകളിലായി കരട് ജില്ലാ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മേൽത്തട്ട്, കീഴ്ത്തട്ട് വികസന നിർദ്ദേശങ്ങൾ സംയോജന-ഏകോപന സാധ്യതകൾ, നവകേരളാ മിഷനുമായി ബന്ധപ്പെടുത്താവുന്നവ ഇടങ്ങി നിരവധി നിർദ്ദേശങ്ങൾ ഓരോ മേഖലയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | ഈ പദ്ധതികൾ പൂർത്തീകരിക്കാൻ എത്ര തുക വേണ്ടിവരുമെന്നും . ഇത് എവിടെ നിന്ന് കണ്ടെത്തുമെന്നും വ്യക്തമാക്കാമോ? | (എഫ്) | മേൽപ്പറഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമായാണ് പദ്ധതികളായും പ്രോജക്ടുകളായും രൂപംകൊള്ളേണ്ടത്. അതുകൊണ്ടുതന്നെ ജില്ലാ പദ്ധതിക്കകത്ത് ഇതിന് പ്രത്യേക വകയിരുത്തലുകളും നീക്കിവെപ്പുകളും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ